# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI YEAR OF OUR LORD JESUS CHRIST, 2025 FEBRUARY No. 04


**വിശുദ്ധ വേദപുസ്തകം**

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സദൃശ്യവാക്യങ്ങൾ 21:22–31**

22. ജ്ഞാനി വീരന്മാരുടെ പട്ടണത്തിൽ കയറുകയും അതിന്റെ ആശ്രയമായ കോട്ടയെ ഇടിച്ചു കളകയും ചെയ്യുന്നു.

23. വായും നാവും സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കഷ്ടങ്ങളിൽനിന്നു സൂക്ഷിക്കുന്നു.

24. നിഗളവും ഗർവ്വവും ഉള്ളവന്നു പരിഹാസി എന്നു പേര്; അവൻ ഗർവ്വത്തിന്റെ അഹങ്കാരത്തോടെ പ്രവർത്തിക്കുന്നു.

25. മടിയന്റെ കൊതി അവന്നു മരണഹേതു; വേലചെയ്‌വാൻ അവന്റെ കൈകൾ മടിക്കുന്നുവല്ലോ.

26. ചിലർ നിത്യം അത്യാഗ്രഹത്തോടെ ഇരിക്കുന്നു; നീതിമാനോ ലോഭിക്കാതെ കൊടുത്തുകൊണ്ടിരിക്കുന്നു.

27. ദുഷ്ടന്മാരുടെ ഹനനയാഗം വെറുപ്പാകുന്നു; അവൻ ദുരാന്തരത്തോടെ അതു അർപ്പിച്ചാൽ എത്ര അധികം!

28. കള്ളസാക്ഷി നശിച്ചുപോകും; ശ്രദ്ധിച്ചു കേൾക്കുന്നവന്നോ എപ്പോഴും സംസാരിക്കാം.

29. ദുഷ്ടൻ മുഖധാർഷ്ട്യം കാണിക്കുന്നു; നേരുള്ളവനോ തന്റെ വഴി നന്നാക്കുന്നു.

30. യഹോവെക്കെതിരെ ജ്ഞാനവുമില്ല, ബുദ്ധിയുമില്ല, ആലോചനയുമില്ല.

31. കുതിരയെ യുദ്ധദിവസത്തിലേക്കു ചമയിക്കുന്നു; ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു.

# വിജയിക്കുവാനായി ഓടുക!

## RUN TO WIN!

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



സിയോളിൽ വെച്ചു 1986ൽ നടന്ന ഏഷ്യൻ ഗെയിംസിൽ 800 മീറ്റർ ഫൈനൽ നടക്കാൻ പോകുകയായിരുന്നു. (ചിലപ്പോൾ നിങ്ങൾ അപ്പോൾ ജനിച്ചിട്ടില്ലായിരിക്കാം.) ഇന്ത്യയിലെ ഏറ്റവും മികച്ച അത്‌ലറ്റുകളിൽ ഒരാളായ ഷൈനി അബ്രഹാമിന്റെ ഉജ്ജ്വലമായ ഫിനിഷിംഗിനായി രാജ്യം മുഴുവൻ ആകാംക്ഷയോടെ കാത്തിരുന്നു. അവർ സ്വർണ്ണമെഡൽ നേടുമെന്നു പ്രതീക്ഷിച്ചതോടെ രാജ്യത്തിന്റെ പ്രതീക്ഷകൾ കുതിച്ചുയർന്നു.

ഷൈനി ആദ്യം ഫിനിഷിംഗ് ലൈൻ മറികടന്നപ്പോൾ ഓരോ ഇന്ത്യാക്കാരനും അനുഭവിച്ച അഭിമാനവും സന്തോഷവും വിവരിക്കാനാകാത്തതായിരുന്നു. രാജ്യത്തിലുടനീളമുള്ള വീടുകളിൽനിന്നു ആഹ്ളാദത്തിന്റെ ആർപ്പുവിളികൾ മുഴങ്ങി. എന്നാൽ ആ ആനന്ദം ഹ്രസ്വകാലത്തേക്കായിരുന്നു. അല്പ നിമിഷങ്ങൾക്കുശേഷം, വളരെ നേരത്തെ ലെയിനുകൾ മാറിയതിനാൽ ഷൈനി അയോഗ്യയാണെന്നു പ്രഖ്യാപിക്കപ്പെട്ടു.

രാജ്യത്തിന്റെ കൂട്ടായ ആവേശം ഹൃദയഭേദകമായി മാറി. ഷൈനിയുടെ കഠിനാദ്ധ്വാനവും അക്ഷീണ പരിശ്രമവും അവൾ അർഹിക്കുന്ന വിജയം ഉറപ്പാക്കാൻ പര്യാപ്തമായിരുന്നില്ല. ഷൈനിക്കു മാത്രമല്ല, അവരെ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്ത ഓരോ ഇന്ത്യാക്കാരനും അത് വിനാശകരമായ പ്രഹരമായിരുന്നു. ഇന്നും, ആ നിമിഷത്തെക്കുറിച്ച്

3–ാം പേജിൽ തുടരും...




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**


Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

*** Please Subscribe and Share ***

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...




REACHING NATIONS



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF

Rev. Angeline S. Kumari, M.A., M.Sc., M.Ed.

HON. MANAGING EDITOR

Pastor Alex Samson Sam, B.Th., M.Div.

GENERAL MANAGER

Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.

ADMINISTRATION

Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

EDITORIAL BOARD

Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858

E.MAIL

sam@echoofhiscall.org
biblecor@yahoo.co.in

WEBSITES

www.echoofhiscall.org
www.stpaulsmatriculation.com

YOUTUBE CHANNEL

Echo of His Call

### “ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കയും ചെയ്യും”– എബ്രായർ : 6:14

ക്രിസ്തുവിൽ പ്രീയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ ഊഷ്മളമായ ആശംസകൾ!

2025 എന്ന പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ദൈവത്തിന്റെ സമൃദ്ധമായ കൃപയ്ക്കും വിശ്വസ്തതയ്ക്കും മഹത്വം നൽകാം. അവിടുത്തെ വിശുദ്ധ നാമത്തിനു സ്തുതി!

നിങ്ങൾ എങ്ങനെയായിരിക്കുന്ന? ഈ സന്ദേശം ശ്രവിക്കുമ്പോൾ നിങ്ങൾ ഉറച്ച വിശ്വാസത്തിലും പൂർണ്ണ ആരോഗ്യത്തോടെയും ആയിരിക്കുമെന്നു കരുതുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു നമുക്കു നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾക്കായി നാം എപ്പോഴും നന്ദിയുള്ളവരായിരിക്കണം. ഇന്നു രാവിലെയും നിങ്ങളുടെ ആത്മീയവും ശാരീരികവും വൈകാരികവുമായ ക്ഷേമത്തിനായി ഞാൻ പ്രാർത്ഥിച്ചു.

എന്നെ ആഴത്തിൽ സ്പർശിച്ച ഒരു ദൈവീക സന്ദേശം നിങ്ങളുമായി പങ്കു വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

### ശാസിക്കുന്നതു ശിക്ഷയല്ല!

ദൈവത്തിന്റെ വിടുതൽ നാം പൂർണ്ണമായി അംഗീകരിക്കുകയോ വിലമതിക്കുകയോ ചെയ്യാതെ, അതു നാം നിരന്തരം അനുഭവിക്കുമ്പോൾ, നാം അലംഭാവം കാണിച്ചേക്കാം. അഹങ്കാരം നമ്മുടെ ഹൃദയങ്ങളിൽ സൂക്ഷ്മമായി കടന്നു കയറി ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തിന്റെ തീവ്രതയും അവനോട് നന്ദിയർപ്പിക്കുന്നതു കുറക്കുകയും ചെയ്യുന്നു. നമ്മെ തിരുത്താനും നയിക്കാനും ദൈവം നമ്മെ സ്നേഹത്തോടെ ശാസിച്ചേക്കാം.

ശാസന കൊണ്ടു മാറ്റമുണ്ടാകുന്നില്ല എങ്കിൽ നമ്മെ താഴ്ത്താനും തന്നിലേക്കു അടുപ്പിക്കാനും ദൈവം കഷ്ടതയുടെ നിമിഷങ്ങൾ ജീവിതത്തിൽ അനുഭവിപ്പിച്ചേക്കാം. സങ്കീർത്തനം 119:75ൽ സങ്കീർത്തനക്കാരൻ പരാമർശിക്കുന്നതു ഇത്തരത്തിലുള്ള കഷ്ടതയാണ്. ശിക്ഷയായിട്ടല്ല, മറിച്ച് വഴി തെറ്റിപ്പോകുന്നതു തടയാനുള്ള സ്നേഹപൂർവ്വമായ തിരുത്തലാണ്.

ദൈവത്തിന്റെ സ്വഭാവം സ്നേഹത്തിലും വിശ്വസ്തതയിലും വേരൂന്നിയതാണ്. അവന്റെ വിശ്വസ്തത സ്ഥിരതയെയും അചഞ്ചലമായ പ്രതിബദ്ധതയെയും സൂചിപ്പിക്കുന്നു. മനുഷ്യരിൽനിന്നും വ്യത്യസ്തമായി, ദൈവം വിദ്വേഷത്തോടെ പ്രതികരിക്കുന്നില്ല; പകരം, അവൻ തന്റെ സ്നേഹത്തിൽ സ്ഥിരത പുലർത്തുന്നു. അനുസരണക്കേടിനുള്ള ശിക്ഷയായി കഷ്ടതയെ തെറ്റായി വ്യാഖ്യാനിക്കരുത്. ദൈവത്തിൽനിന്നും അകന്നുപോയവർക്കാണ് ശിക്ഷ, അതേസമയം ശിക്ഷണം എന്നത് താൽക്കാലികമായി വഴി തെറ്റിപ്പോയ തന്റെ മക്കളോടുള്ള സ്നേഹത്തിന്റെ പ്രവൃത്തിയാണ്.

ദൈവം തന്റെ മക്കളെ ശിക്ഷിക്കുന്നു എങ്കിൽ അത് കോപം കൊണ്ടല്ല, മറിച്ച് അവർ വളരുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യണമെന്ന അഗാധമായ ആഗ്രഹം കൊണ്ടാണ്. ഇതു മനസ്സിലാക്കുമ്പോൾ നന്ദിയുള്ള ഹൃദയത്തോടും ശരിയായ മനോഭാവത്തോടും കൂടെ ശിക്ഷ സ്വീകരിക്കാൻ നാം തയ്യാറാകുന്നു. ശരിയായ വീക്ഷണത്തോടെ കഷ്ടപ്പാടുകൾ സ്വീകരിച്ച ഒരാളുടെ അഗാധമായ ഉദാഹരണമാണ് യോസേഫ് (ഉല്പത്തി 50:15–21).

യഹോവേ, നിന്റെ വിധികൾ നീതിയുള്ളവയെന്നും വിശ്വസ്തതയോടെ നീ എന്നെ താഴ്ത്തിയിരിക്കുന്നു എന്നും ഞാൻ അറിയുന്നു (സങ്കീർത്തനങ്ങൾ 119:75).

ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ!

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*

*പാസ്റ്റർ അലക്സ് സാംസൺ സാം,*
*പാസ്റ്റർ എസ്. സാം സെൽവരാജ്*
(+91) 98412 71858 / 98410 71858,
E.mail : sam@echoofhiscall.org

## നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്!

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

- പാസ്റ്റർ സാം സെൽവരാജ്

*1-ാം പേജിന്റെ തുടർച്ച...*

ചിന്തിക്കുമ്പോഴെല്ലാം, ഞാൻ ആഴത്തിൽ ബഹുമാനിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്ന ഒരു അത്ലറ്റായ ഷൈനിയെ ഓർത്ത് എന്റെ ഹൃദയം വേദനിക്കുന്നു.



## വിജയിക്കാനായി ഓടുവിൻ!

ജീവിതം ഒരു ഓട്ടമാണ്. നമുക്കോരോരുത്തർക്കുംവേണ്ടി ഒരു അതുല്യമായ ട്രാക്ക് ദൈവം രൂപകല്പന ചെയ്തിട്ടുണ്ട്. ചിലർ സ്പ്രിന്റർമാരാണ്, മറ്റു ചിലർ ദീർഘദൂര ഓട്ടക്കാരാണ്, വേറെ ചിലർ സ്റ്റീപ്പിൾ ചേസ് അത്ലറ്റുകളുമാണ്. ഓരോരുത്തർക്കും വ്യത്യസ്തങ്ങളായ കഴിവുകളും തന്ത്രങ്ങളും ആവശ്യമാണ്. ദൈവം തന്റെ ദിവ്യപദ്ധതി അനുസരിച്ച് ഓരോ ഓട്ടവും ക്രമീകരിച്ചിരിക്കുന്നതിനാൽ നമുക്കു മറ്റൊരാളുടെ ഓട്ടം ഓടാൻ കഴിയുകയില്ല.

ഓരോ തലത്തിലുള്ള ഓട്ടത്തിനും വ്യത്യസ്തതലത്തിലുള്ള ഊർജ്ജസ്വലത, തന്ത്രം, ശക്തി എന്നിവ ആവശ്യമാണ്. ഒരു സ്പ്രിന്ററിന് എളുപ്പത്തിൽ ദീർഘദൂര ഓട്ടത്തിലേക്കു മാറാൻ കഴിയുകയില്ല, കൂടാതെ വളരെയധികം പരിശ്രമവും തയ്യാറെടുപ്പും ഇല്ലാതെ ഒരു മാരത്തോൺ ഓട്ടക്കാരന് സ്പ്രിന്റുകളിൽ മികവു പുലർത്താനും കഴിയുകയില്ല. അതുപോലെ ദൈവം നമുക്കു മുന്നിൽ വെച്ചിരിക്കുന്ന ഓട്ടത്തിൽ ഓടാനുള്ള കൃപയും കഴിവും നൽകി ദൈവം നമ്മെ സജ്ജരാക്കുന്നു.

മറ്റുള്ളവരുടെ ഫിനിഷിംഗ് ലൈനിലല്ല, മറിച്ച് ദൈവം നമുക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ ലക്ഷ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് നമുക്ക് സ്ഥിരോത്സാഹത്തോടെ നമ്മുടെ ഓട്ടം ഓടാം.

ജനപ്രീയമായതിനാലോ ട്രെൻഡിയായതിനാലോ സുരക്ഷിതമായ ഒരു ഫോർമുലയായി തോന്നിയതിനാലോ, വ്യത്യസ്ഥമായ ഒരു ഓട്ടം നാം തിരഞ്ഞെടുക്കുകയാണെങ്കിൽ നമ്മുടെ ലക്ഷ്യത്തിന്റെ സത്ത നഷ്ടമാകും. അങ്ങനെ ചെയ്യുമ്പോൾ, യഥാർത്ഥത്തിൽ പ്രാധാന്യമുള്ള മത്സരത്തിൽ നമുക്കു വിജയിക്കാൻ കഴിയുകയില്ല. ദൈവം നമുക്കായി നിശ്ചയിച്ചിരിക്കുന്ന ട്രാക്കിൽ തുടരുകയും അവൻ വാഗ്ദത്തം ചെയ്ത സമ്മാനം നേടുകയും ചെയ്യുക എന്നതാണ് ആത്യന്തിക ലക്ഷ്യം.

നാം നമ്മുടെ നിയുക്ത പാതയിൽനിന്നു വ്യതിചലിച്ച് മറ്റൊരാളുടെ ട്രാക്കിൽ ഓടുകയാണെങ്കിൽ, ആദ്യം ഫിനിഷ് ചെയ്താലും നാം തോറ്റുപോകും. സമ്മാനം ലഭിക്കുകയില്ല. അതുകൊണ്ടാണ് വേദപുസ്തകം നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നത്:

**ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ** (1കൊരിന്ത്യർ 9:24).

## നാം എങ്ങനെ ഓടണം?



### 1. വിശ്വസ്തതയോടെ ഓടുവിൻ!

**ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു.** 2തിമൊഥെയോസ് 4:7.

സമ്മാനം നേടാൻ നാം വിശ്വസ്തതയോടെ ഓടണം. നമ്മുടെ ജോലി, വിവാഹം, സാമ്പത്തികം, ബന്ധങ്ങൾ, ആത്മീയ യാത്ര എന്നീ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിശ്വസ്തത അനിവാര്യമാണ്.

ദൈവം നമ്മെ ഓടാൻ വിളിച്ചിരിക്കുന്ന ഓട്ടം ഒരു ലളിതമായ ഓട്ടമല്ല, അത് ഒരു യുദ്ധമാണ്. **ഞാൻ നല്ല പോർ പൊരുതു** എന്നാണ് പൗലൊസ് പറയുന്നത്. നമ്മുടെ ജീവിതത്തിനായുള്ള ദൈവത്തിന്റെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്താൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്ന ഈ ലോകത്തിന്റെ ഭരണാധികാരിയായ സാത്താനെതിരെ നാം ഓരോ ദിവസവും ആത്മീയ പോരാട്ടത്തിൽ ഏർപ്പെടുന്നു. അവന്റെ ദൗത്യം വ്യക്തമാണ് **മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല** (യോഹന്നാൻ 10:10). നമ്മുടെ വിശ്വസ്തതയെ പരീക്ഷിക്കാൻ അവൻ ശ്രമിക്കുന്നു; ഏദെൻ തോട്ടത്തിൽ ഹവ്വയുടെ അടുക്കൽ അവൻ പരീക്ഷിച്ച അതേ തന്ത്രം!

സർപ്പം ദൈവത്തിന്റെ വിശ്വസ്തതയെ ചോദ്യം ചെയ്യുകയും ഹവ്വയുടെ മനസ്സിൽ സംശയം വിതയ്ക്കുകയും ചെയ്തു. ഈ പ്രവൃത്തി ദൈവത്തിലും അവന്റെ കല്പനകളിലും ഉള്ള അവളുടെ വിശ്വാസത്തെ ദുർബലപ്പെടുത്തി, അവളുടെ വിശ്വാസം നശിപ്പിച്ചു. വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ:

**പാമ്പ് സ്ത്രീയോടു: നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണ് തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു.** ഉല്പത്തി 3:4,5.

ഈ വഞ്ചനയിലൂടെ, സർപ്പം ആദാമും ഹവ്വയും ഒരിക്കൽ അവരുടെ സൃഷ്ടാവുമായി പങ്കിട്ട മനോഹരമായ ബന്ധത്തെ മോഷ്ടിക്കുകയും നശിപ്പിക്കുകയും കൊല്ലുകയും ചെയ്തു.

ദൈവം വിശ്വസ്തനായതിനാൽ നാമും വിശ്വസ്തരായിരിക്കുവാൻ അവൻ നമ്മെ വിളിക്കുന്നു. എബ്രായർ 10:23 നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു:

**പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ.**

ദൈവം ഒരു വാഗ്ദാനം നൽകുകയാണെങ്കിൽ അവൻ അതു നിറവേറ്റുന്നു. വർഷങ്ങളോളം നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നില്ല എങ്കിലും അവൻ നിങ്ങളെ മറന്നിട്ടില്ലെന്ന് അറിയുക. സങ്കീർത്തനം 56:8ൽ ദൈവം നമ്മുടെ കണ്ണുനീരെല്ലാം ശേഖരിക്കുന്നു എന്നും അത് അവൻ രേഖയായി സൂക്ഷിക്കുന്നു എന്നും പറഞ്ഞിരിക്കുന്നു. അവൻ എല്ലായ്പോഴും തന്റെ ജനങ്ങളോടു വിശ്വസ്തനാണ്, തന്റെ കൃത്യസമയത്ത് അവൻ ഉത്തരം നൽകുന്നു.

അതിനാൽ, അവന്റെ പ്രവൃത്തിയുടെ തെളിവുകൾ നിങ്ങൾക്കു കാണാൻ കഴിയാത്തപ്പോഴും നിങ്ങളുടെ ഓട്ടം തുടരുക. നമ്മുടെ വിശ്വസ്തനായ ദൈവത്തോടുള്ള വിശ്വസ്തതയ്ക്ക് ഉറച്ച വിശ്വാസം ആവശ്യമാണ്.

ദൈവം ഇതിനോടകം തന്നെ നമുക്കു മുന്നറിയിപ്പു നൽകിയിട്ടുണ്ട്:

**നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ; നിങ്ങളെ പരീക്ഷിക്കേണ്ടതിന്നു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു; പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും.** -വെളിപ്പാടു 2:10.

നമ്മൾ ഓടുന്ന ഓട്ടം എളുപ്പമുള്ള ഒന്നല്ല-അത് തടസ്സങ്ങളുള്ള കുതിരപന്തയ ഓട്ടം പോലെയാണ്. വെള്ളച്ചാട്ടങ്ങൾ, തുറന്ന കിടങ്ങുകൾ, സമതല വേലികൾ എന്നിങ്ങനെ വിവിധ തടസ്സങ്ങൾ നിറഞ്ഞതാണ്. എന്നിരുന്നാലും വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ശാരീരികമോ വൈകാരികമോ ആത്മീയമോ സാമ്പത്തികമോ ആയ കഷ്ടതകളും വെല്ലുവിളികളും ഉണ്ടെങ്കിലും-നമ്മുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ നമുക്കു വിജയിയുടെ കിരീടം ലഭിക്കും. ഓട്ടം പാതിവഴിയിൽ നിർത്താനോ പിന്നോട്ടു തിരിയാനോ നമുക്കു കഴിയുകയില്ല. പകരം, നമ്മുടെ ഹൃദയങ്ങളിൽ നിർമ്മലതയോടും ആത്മാവിൽ വിശ്വാസത്തോടുംകൂടി നാം സ്ഥിരോത്സാഹത്തോടെ പ്രവർത്തിക്കണം.

നമ്മുടെ ഇപ്പോഴത്തെ സാഹചര്യങ്ങൾ എന്തുതന്നെയായാലും നമ്മുടെ വിളിയിൽ വിശ്വസ്തത അനിവാര്യമാണ്. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ, അതു ചെറുതായാലും വലുതായാലും അതിൽ നാം വിശ്വസ്തരായിരിക്കണം. ഒരു ചെറിയ കൂട്ടത്തിനുള്ളിലെ എളിമയുള്ള സ്ഥാനത്തു പോലും വിശ്വസ്തരായിരിക്കുവിൻ, കാരണം, ദൈവം എല്ലാം കാണുന്നു.

വചനം നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ ഉത്സാഹത്തോടെ പ്രവർത്തിക്കുവിൻ.

**പ്രവൃത്തിയിൽ സാമർത്ഥ്യമുള്ള പുരുഷനെ നീ കാണുന്നുവോ? അവൻ രാജാക്കന്മാരുടെ മുമ്പിൽ നിൽക്കും; നീചന്മാരുടെ മുമ്പിൽ അവൻ നിൽക്കയില്ല.** (സദൃശ്യവാക്യങ്ങൾ 22:29).

നിന്റെ ജോലി സ്ഥലത്ത് നിന്നെ വിലമതിച്ചില്ല എങ്കിലും വിശ്വസ്തനായിരിക്കുവിൻ. നിന്റെ കുടംബവും സുഹൃത്തുക്കളും നിന്നെ അംഗീകരിച്ചില്ല എങ്കിലും വിശ്വസ്തനായിരിക്കുവിൻ. നിന്റെ സഭയിലെ സമൂഹം നിന്നെ നിസ്സാരനാക്കി കാട്ടിയാലും വിശ്വസ്തരായിരിക്കുവിൻ. ആത്യന്തിക പ്രതിഫലദായകനായ ദൈവം നിങ്ങളുടെ അദ്ധ്വാനം രഹസ്യമായി കാണുകയും അവൻ തീരുമാനിക്കുന്ന സമയത്ത് പരസ്യമായി പ്രതിഫലം നൽകുകയും ചെയ്യും.

**നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു: ഞാൻ നിന്നെ അധികത്തിന്നു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക** (മത്തായി 25:20) എന്നു പറയുന്ന ഒരു ദിവസം വരും.

നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്തുതന്നെയായാലും വിട്ടുവീഴ്ച ചെയ്യാതെ വിശ്വസ്തതയോടും അചഞ്ചലമായും നമ്മുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാൻ ദൈവം നമുക്കു ശക്തി നൽകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. യേശുക്രിസ്തുവിന്റെ യഥാർത്ഥ സ്ഥാനാധിപതികളാകാൻ നമുക്കു പരിശ്രമിക്കാം.

## 2. സ്ഥിരതയോടെ ഓടുവിൻ

**സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക** (എബ്രായർ 12:1).

ഏതൊരു കായിക താരത്തിനും സ്ഥിരോത്സാഹം അഥവ സഹിഷ്ണുത ഒരു നിർണ്ണായക ഗുണമാണ്. വിജയത്തിന് അർപ്പണബോധവും അച്ചടക്കവും ആശ്വാസത്തിനപ്പുറം സ്വയം മുമ്പോട്ടു കൊണ്ടുപോകുവാനുള്ള സന്നദ്ധതയും ആവശ്യമാണ്. അതിന് കഠിനാദ്ധ്വാനം, പോരാട്ടം, വിയർപ്പ്, വേദന, നിരാശയുടെ നിമിഷങ്ങൾ പോലും ആവശ്യമാണ്.

അതുപോലെ നമ്മുടെ ക്രിസ്തീയ നടത്തം എളുപ്പമുള്ള പാതയല്ല. നാം പോരാട്ടങ്ങളെ നേരിടുന്നു, യുദ്ധങ്ങളെ നേരിടുന്നു, നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കുന്ന വെല്ലുവിളികളെ സഹിക്കുന്നു. ചിലപ്പോഴൊക്കെ മറ്റുള്ളവർക്കു മനസ്സിലാകാത്ത വഴിയിലൂടെ നാം സഞ്ചരിക്കുന്നതുപോലെ ഏകാന്തത അനുഭവപ്പെടാം. ലൗകിക മൂല്യങ്ങളുമായി പൊരുത്തപ്പെടാനോ വിട്ടുവീഴ്ച ചെയ്യാനോ ഉള്ള കഴിവില്ലായ്മ നമ്മെ വിചിത്രമായി തോന്നാൻ ഇടയാക്കും.

ഈ വികാരങ്ങൾ സ്വാഭാവികമാണ്, എന്നാൽ ഈ പാത ഇടുങ്ങിയതും വെല്ലുവിളി നിറഞ്ഞതുമാണെങ്കിലും നിത്യസന്തോഷത്തിലേക്കും പൂർത്തീകരണത്തിലേക്കും നയിക്കുന്നു എന്നു നാം ഓർക്കണം. ഓരോ ചുവടുവയ്പിലും ദൈവം നമ്മോടുകൂടെയുണ്ടെന്നറിഞ്ഞ് നമുക്ക് അചഞ്ചലമായ നിശ്ചയദാർഢ്യത്തോടെ മുന്നോട്ടു പോകാം.

ദൈവത്തിന്റെ മഹാന്മാർക്ക് സമാനമായ വികാരങ്ങൾ അനുഭവപ്പെട്ടു. ഏലിയാവു വിലപിച്ചു: **...ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു** (1 രാജാക്കന്മാർ 19:10). ദാവീദ് പലപ്പോഴും ഏകാന്തതയുടെ ഭാരം അനുഭവിച്ചു, മോശെയും അത്തരം നിമിഷങ്ങളെ സഹിച്ചു. എന്നിരുന്നാലും, നമ്മുടെ ഓട്ടത്തിൽ സ്ഥിരോത്സാഹത്തോടെ തുടരാൻ നമ്മെ പ്രാപ്തരാക്കുന്നത് നമുക്കു മുമ്പെ പോയവരുടെ സാക്ഷ്യമാണ് (എബ്രായർ 12:1). നമുക്കു വിട്ടുകൊടുക്കാൻ കഴിയുകയില്ല എന്ന് അവരുടെ ഉദാഹരണങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

യാത്ര ക്ഷീണിപ്പിക്കുന്നുവെങ്കിലും നാം മുന്നോട്ടു പോകണം. സഹായങ്ങൾ എപ്പോഴും ലഭ്യമാണ്. നമ്മിൽ ചിലർക്ക് നിരുത്സാഹപ്പെടുത്തുന്ന വാക്കുകൾ, തെറ്റായ ആരോപണങ്ങൾ, തെറ്റിദ്ധാരണകൾ, അല്ലെങ്കിൽ "ഞാൻ എന്തിനു തുടരണം കർത്താവേ?" എന്നു ചോദിക്കുന്ന ആന്തരിക നിരാശ എന്നിവ നേരിടേണ്ടിവന്നേക്കാം. എന്നിരുന്നാലും സ്ഥിരോത്സാഹത്തോടെ ഓടാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ആരും ഒറ്റപ്പെടൽ ആഗ്രഹിക്കുന്നില്ല, നാമെല്ലാവരും ഉൾപ്പെടുത്തലിനായി കൊതിക്കുന്നു. എന്നിരുന്നാലും, നാം നമ്മുടെ ഹൃദയങ്ങളെ സംരക്ഷിക്കണം. ലോകവുമായുള്ള സൗഹൃദം തിരഞ്ഞെടുക്കുമ്പോൾ നാം ദൈവത്തിന്റെ ശത്രുക്കളാകുവാൻ സാദ്ധ്യതയുണ്ട് (യാക്കോബ് 4:4). ലൗകീക മൂല്യങ്ങളുമായി പൊരുത്തപ്പെടുന്നവരെ "വ്യഭിചാരികളും വ്യഭിചാരിണികളും" പോലെയാണ് ഉപമിക്കുന്നതെന്ന് വേദപുസ്തകം മുന്നറിയിപ്പു നൽകുന്നു.

അതുകൊണ്ട്, ദൈവം നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടത്തിൽ നാം ജാഗ്രത പാലിക്കണം. വിട്ടുവീഴ്ചയ്ക്കു ഇടമില്ല, സ്ഥിരത പുലർത്തുക, കാരണം പ്രതിഫലം ശാശ്വതമാണ്.

## 3. പൂർത്തിയാക്കാൻ ഓടുവിൻ

ഈ ഓട്ടത്തിന്റെ ആത്യന്തിക ലക്ഷ്യം പൂർത്തിയാക്കുക മാത്രമല്ല, വിജയകരമായി പൂർത്തിയാക്കി സമ്മാനം നേടുക എന്നതാണ്. പ്രവൃത്തികൾ 20:24 ൽ പറഞ്ഞിരിക്കുന്നതുപോലെ **...ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിഷേഷത്തിന്നു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികെക്കേണം എന്നേ എനിക്കുള്ളു.**

പ്രീയ സുഹൃത്തുക്കളേ, ജീവിതം ക്ഷണികമാണ്. യേശുക്രിസ്തുവിനുവേണ്ടി നാം

*6-ാം പേജിൽ തുടരും...*

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഫെബ്രുവരി 19** ⇨ നമ്മുടെ മാദ്ധ്യമ ശുശ്രൂഷയെയും വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിനെയും ക്രിസ്തുവിന്റെ വചനം എത്തിച്ചേരാത്ത പല ഭാഷകളിലുള്ള ദേശങ്ങളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

**ഫെബ്രുവരി 20** ⇨ നമ്മുടെ സഭാ ശുശ്രൂഷ കൂടുതൽ സംഘടിതമായി പ്രവർത്തിക്കാൻ അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 21** ⇨ നെഹെമ്യ ബൈബിൾ കോളേജിലെയും സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും വിദ്യാർത്ഥികൾക്ക് ദൈവീക സംരക്ഷണം നൽകിക്കൊണ്ടിരിക്കുന്നതിനായി.

**ഫെബ്രുവരി 22** ⇨ ഞങ്ങളുടെ പങ്കാളികൾ ധാർമ്മികവും സാമ്പത്തികവുമായി ഞങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഫെബ്രുവരി 23** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരോടും കുടുംബാംഗങ്ങളോടുമുള്ള ദൈവീക കരുണക്കായി.

**ഫെബ്രുവരി 24** ⇨ പല വഴികളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

**ഫെബ്രുവരി 25** ⇨ ഞങ്ങളുടെ എല്ലാ സഭാപ്രവർത്തനങ്ങൾക്കും ഉത്സാഹത്തോടെ പങ്കെടുക്കുവാൻ യുവാക്കളെ ഒരുക്കിയതിനായി.

**ഫെബ്രുവരി 26** ⇨ വിളിയുടെ പ്രതിധ്വനിയുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഫെബ്രുവരി 27** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും എല്ലാ ദുഷ്ടശക്തിയിൽനിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഫെബ്രുവരി 28** ⇨ മുഖ്യസഭയിലെയും ശാഖാ സഭകളിലെയും ഞായർ ആരാധനകളിൽ വചനത്തിന്റെ ശക്തി വെളിപ്പെട്ടുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 01** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർ അനുഗ്രഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 02** ⇨ ഞങ്ങളുടെ ജീവനക്കാരുടെമേൽ അനുഗ്രഹങ്ങൾ സമൃദ്ധമായി ചൊരിഞ്ഞതിനായി.

**മാർച്ച് 03** ⇨ സുവിശേഷ തൽപ്പരരായ അംഗങ്ങളാൽ മുഖ്യസഭയെ അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**മാർച്ച് 04** ⇨ യിസ്രായേൽ, പാലസ്തീൻ, റഷ്യ, ഉക്രെയിൻ എന്നീ രാജ്യങ്ങളുടെ സമാധാനത്തിനായി.

**മാർച്ച് 05** ⇨ എല്ലാ രാജ്യങ്ങളുടെയും ഐക്യത്തിനും സമാധാനത്തിനുമായി.

**മാർച്ച് 06** ⇨ ക്രിസ്തീയ പ്രാസംഗികർ മായം ചേർക്കാതെ വചനം പ്രസംഗിക്കുവാൻ.

**മാർച്ച് 07** ⇨ 2025-26 അദ്ധ്യയനവർഷത്തിൽ നെഹെമ്യ ബൈബിൾ കോളേജിലെ റെസിഡെൻഷ്യൽ, സായാഹ്ന കോഴ്സുകളിൽ യോഗ്യരായ വിദ്യാർത്ഥികൾ ലഭിക്കുവാനായി.

**മാർച്ച് 08** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ 2025-26 അദ്ധ്യയനവർഷത്തെ അഡ്മിഷനു വേണ്ടി.

**മാർച്ച് 09** ⇨ എല്ലാ രാജ്യങ്ങളിലെയും കുട്ടികളും യുവജനങ്ങളും യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുവാൻ.

**മാർച്ച് 10** ⇨ മൊബൈൽ ഫോണുകളുടെയും ഓൺലൈൻ ഗെയിമുകളുടെയും ആസക്തിയിൽനിന്നും ലോകം മുഴുവനുമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി.

**മാർച്ച് 11** ⇨ വൃദ്ധസദനങ്ങളിലെ വൃദ്ധജനങ്ങൾക്കായി.

**മാർച്ച് 12** ⇨ ഈ മാസത്തെ എല്ലാ ആവശ്യങ്ങളും കർത്താവ് നിറവേറ്റിത്തരുവാനായി.

**മാർച്ച് 13** ⇨ ഞങ്ങളുടെ പങ്കാളികളുടെയും സംസ്ഥാന കോർഡിനേറ്റർമാരുടെയും നല്ല ആരോഗ്യത്തിനായി.

**മാർച്ച് 14** ⇨ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കുവാൻ സഹായിച്ചുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 15** ⇨ 2025 എന്ന പുതിയ വർഷത്തിൽ സമൃദ്ധമായ അനുഗ്രഹങ്ങളാൽ നിറയപ്പെടുവാൻ.

**മാർച്ച് 16** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും എല്ലാ ദുഷ്ടശക്തിയിൽനിന്നും വിടുവിക്കുവാനായി.

**മാർച്ച് 17** ⇨ ലോകമെമ്പാടുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി.

**മാർച്ച് 18** ⇨ ഞങ്ങളുടെ ജീവനക്കാരുടെ ആരോഗ്യത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

ചെയ്യുന്ന കാര്യങ്ങൾ മാത്രമേ നിലനിൽക്കുകയുള്ളു. ഒരു വർഷത്തിന്റെ തുടക്കത്തിൽ നാം ആയിരിക്കുമ്പോൾ ഒരു ആത്മപരിശോധന അനിവാര്യമാണ്. ദൈവം മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം നിങ്ങൾ ഓടുന്നുണ്ടോ? നിങ്ങൾ ശരിയായ ട്രാക്കിലാണോ? നിങ്ങളെ പിന്തിരിപ്പിക്കാനായി ശ്രദ്ധ പതറിപ്പോകുക, തിരിച്ചടികൾ, വെല്ലുവിളികൾ എന്നിവയുണ്ടെങ്കിലും സ്ഥിരോത്സാഹത്തോടെ, നിങ്ങളുടെ ഏറ്റവും മികച്ചത് നൽകിക്കൊണ്ട് ഓടുന്നുണ്ടോ? അല്ല എങ്കിൽ ഇത് വീണ്ടും സമർപ്പിക്കുവാനുള്ള സമയമാണ്.

നമുക്ക് വിശ്വസ്തതയോടും സഹിഷ്ണുതയോടും ദൃഢനിശ്ചയത്തോടുംകൂടി ഓടാം. വിട്ടുവീഴ്ച ചെയ്യരുത്. തളർന്നുപോകരുത്. ദൈവം വിശ്വസ്തനാണ്. അവന്റെ കൃപ അപര്യാപ്തമായ ഒരു സ്ഥലത്തേക്ക് അവൻ ഒരിക്കലും നമ്മെ നയിക്കുകയില്ല.

നിങ്ങൾ വഹിക്കുന്ന ഭാരം അമിതമോ അധികഭാരമുള്ളതോ വൈകാരികമായി ക്ഷീണിപ്പിക്കുന്നതോ ആണെന്ന് തോന്നുന്നുവെങ്കിൽ, ദൈവത്തിന്റെ മുമ്പിൽ വന്ന് നിങ്ങളുടെ ഹൃദയം അവനിലേക്കു പകരുക. എന്നിട്ട് പറയുക: "കർത്താവേ, ഞാൻ ഈ മേഖലയിൽ കഷ്ടപ്പെടുകയാണ്, ഈ ഭാരവും ചുമന്നുകൊണ്ട് എനിക്ക് തുടർന്ന് ഓടുവാൻ കഴിയുകയില്ല."

ഹിസ്കിയാ രാജാവിന്റെ ഉദാഹരണം പരിഗണിക്കുവിൻ. അശ്ശൂർ രാജാവിന്റെ വാക്കു കേട്ടപ്പോൾ അവന്റെ ഹൃദയം തകർന്നു. അയാൾ തീർത്തും നിസ്സഹായനായി. അശ്ശൂർ രാജാവ് അവനെയും അവന്റെ വിശ്വാസത്തെയും പരിഹസിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "എന്റെ നേരെ നിൽക്കുവാൻ നിനക്ക് എങ്ങനെ ധൈര്യമുണ്ടായി? നിനക്ക് എന്തു ആത്മവിശ്വാസമാണുള്ളത്? എന്റെ കൈയ്യിൽ നിന്നു നിന്നെ രക്ഷിക്കാൻ ആർക്കു കഴിയും? ആർക്കും നിങ്ങളെ രക്ഷിക്കാൻ കഴിയുകയില്ല. നിനക്കു കുതിരക്കാരെ കണ്ടെത്താൻ കഴിയുമെങ്കിൽ എന്നോടു യുദ്ധം ചെയ്യാൻ വേണമെങ്കിൽ 2000 കുതിരകളെ ഞാൻ നിനക്കു തരാം."

എന്തൊരു വെല്ലുവിളി! ആ നിമിഷത്തിൽ ഹിസ്കിയാ രാജാവിന്റെ മാനസികവും വൈകാരികവുമായ അവസ്ഥ സങ്കൽപ്പിക്കുവിൻ! എന്നാൽ ഹിസ്കിയാവ് തന്റെ നിരാശയിൽ ദൈവത്തിങ്കലേക്കു തിരിഞ്ഞു.

ഇങ്ങനെയൊരു സാഹചര്യത്തിൽ നിങ്ങൾ എന്തു ചെയ്യും? തടവുകാരോടുള്ള, പ്രത്യേകിച്ച്, എതിരാളികളായ രാജാക്കന്മാരോടുള്ള ക്രൂരമായ പെരുമാറ്റത്തിൽ അശ്ശൂർ രാജാക്കന്മാർ കുപ്രസിദ്ധരായിരുന്നു. അതിനാൽ ഹിസ്കിയാവിന് തന്റെ ഭാവി ഇരുണ്ടതായി തോന്നി. അദ്ദേഹത്തിന് തന്റെ വിശ്വാസം ഉപേക്ഷിച്ച് തന്റെ ഓട്ടം പരാജയത്തോടെ പൂർത്തിയാക്കാമായിരുന്നു. എന്നാൽ യെശയ്യാവ് 37 വ്യത്യസ്ഥമായ ഒരു പ്രതികരണം വെളിപ്പെടുത്തുന്നു.

1. അവൻ യഹോവയുടെ സന്നിധിയിലേക്ക് തിരിഞ്ഞു-ഹിസ്കിയാവ് ആലയത്തിൽ പ്രവേശിച്ചു ദൈവസന്നിധിൽ തന്നെത്താൻ താഴ്ത്തി.

2. അവൻ തന്റെ പ്രശ്നങ്ങൾ ദൈവവുമായി പങ്കു വച്ചു-അവൻ തന്റെ ഹൃദയം പകരുകയും ദൈവീക മാർഗ്ഗനിർദ്ദേശം തേടുകയും ചെയ്തു. സങ്കീർത്തനങ്ങൾ 119:26ൽ ദാവീദ് എഴുതിയിരിക്കുന്നതുപോലെ, **എന്റെ വഴികളെ ഞാൻ വിവരിച്ചപ്പോൾ നീ എനിക്കു ഉത്തരമരുളി; നിന്റെ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചുതരേണമേ,** മറ്റൊരു വിവർത്തനം "എന്റെ ജീവിതത്തെക്കുറിച്ച് ഞാൻ നിങ്ങളോടു പറഞ്ഞു" എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. അതുപോലെ നമ്മുടെ പ്രശ്നങ്ങൾ, പരാജയങ്ങൾ, നിരാശകൾ എന്നിവ ദൈവത്തിന്റെ അടുക്കലേക്കു കൊണ്ടുവരുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. അങ്ങനെയെങ്കിൽ മുന്നോട്ടുള്ള വഴി അവൻ നമ്മെ പഠിപ്പിക്കും.



## ഓട്ടം ഓടിക്കൊണ്ടിരിക്കുവിൻ!

ദൈവത്തിന്റെ പ്രീയരേ, നിങ്ങളുടെ ശുശ്രൂഷയിൽ വിശ്വസ്തത പുലർത്തുന്നതിൽ മടുപ്പു തോന്നുന്നുണ്ടോ? അതിജീവിക്കാൻ നിങ്ങൾ പാടുപെടുന്നുണ്ടോ? വിട്ടുകൊടുക്കരുത്! ഇപ്പോൾ വിരമിക്കാനുള്ള സമയമല്ല. അവൻ നിങ്ങളോടു നിറുത്താൻ പറയുന്നതുവരെ എഴുന്നേറ്റു ഓടിക്കൊണ്ടിരിക്കുക.

എന്തു വെല്ലുവിളികൾ നേരിട്ടാലും നമുക്ക് സഹിഷ്ണുതയോടെ ഓടാം.



## എങ്ങനെ ഓടാൻ പാടില്ല!

വെറുതെ ഓടരുത്! **ഞാൻ ഓടുന്നതോ ഓടിയതോ വെറുതെ എന്നു വരാതിരിക്കാൻ...** (ഗലാത്യർ 2:2).

ദൈവം നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം ഓടാനും നമ്മുടെ പരിശ്രമം പാഴാക്കാതിരിക്കാനും നാം ശ്രദ്ധിക്കണം. ലോകോത്തര അത്‌ലറ്റ് ഷൈനി അബ്രഹാമിൽ നിന്നുമുള്ള പാഠം പരിഗണിക്കുവിൻ. അവർ ഒന്നാമതായി ഓട്ടം പൂർത്തിയാക്കി എങ്കിലും ഒരു ചെറിയ തെറ്റു കാരണം അവർക്ക് മെഡൽ നഷ്ടമായി.

നാം കഠിനാദ്ധ്വാനികളും സമർപ്പിതരും വിശ്വസ്തരുമായിരിക്കാമെങ്കിലും സമ്മാനം നേടുന്നതിൽ പരാജയപ്പെടാം. എന്തുകൊണ്ട്? കാ രണം, ദൈവം നമ്മിൽനിന്നു എന്ത് ആഗ്രഹിച്ചുവോ അതു നാം അവഗണിച്ചു. അവൻ നമുക്കു ഓടാൻ രൂപകൽപ്പന ചെയ്ത ഓട്ടം മനസ്സിലാക്കുന്നതിൽ നാം പരാജയപ്പെട്ടു.

അവന്റെ ഇഷ്ടം അന്വേഷിക്കാനും ഉദ്ദേശ്യം മനസ്സിലാക്കാനും നമ്മുടെ ജീവിതത്തിനായി അവൻ ഒരുക്കിയിരിക്കുന്ന സന്ദേശം ഡൗൺലോഡ് ചെയ്യുവാനും നമുക്കു സമയം

9-ാം പേജിൽ തുടരും...

ECHO OF HIS CALL 1969-2019 GOLDEN JUBILEE REACHING NATIONS
**നെഹെമ്യ ബൈബിൾ കോളേജുകൾ**
ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
**അതിവേഗം അഡ്മിഷൻ നേടുവിൻ!**
ഭാഷ : തമിഴ് (Part time)
**ദൈവശാസ്ത്രത്തിൽ ഡിപ്ലോമ**
ഹിന്ദി (Residential) (Sponsorship available)
കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## MAIN CHURCH PROGRAMMES

1. Prayer Service : 24 hours
2. **ECHO OF HIS CALL** - Monthly Magazines :English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikan.
3. **BIBLECOR -** Basic Bible Courses (English, Tamil & Hindi)
4. Theological Correspondence Courses: English & Tamil
5. Nehemiah Bible Colleges (Chepauk, Santhoshapuram & Velachery)
6. Great Commission Partners (Network of Pastors)
7. Training Programmes – Seminars & Retreats
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools (Chepauk) : 10.30 a.m. Sunday & (Velachery, Balaji Nagar & Santhoshapuram) 3.00 p.m. Sunday
13. **Early Morning Service : 5.30 a.m. Sunday**
14. **Preliminary Service : 8.00 a.m. Sunday**
15. **Tamil Service : 8.30 a.m. Sunday**
16. **Youth Meeting : 11.00 a.m. Sunday**
17. **Fellowship Lunch : 1.00 p.m. Sunday**
18. **Hindi Service : 4.00 p.m. Sunday**
19. **Telugu Service : 5.00 p.m. Sunday**
20. **English & Hindi Service : 6.00 p.m. Sunday**
21. Feedback Time : 7.30 p.m. Sunday
22. Women's Prayer : 5.30 p.m. Wednesday
23. Men's Prayer : 7.00 p.m. Friday
24. Discipleship Meeting : 6.00 p.m. Saturday
25. House Meetings : 6.30 p.m. Tuesday & Thursday
26. Special Holy Communion : 6.00 a.m. 1st day of each month
27. Ministers' Meeting : 6.00 p.m. First Saturday
28. Parents' Prayer : 4.00 p.m. First Sunday
29. Night Prayer : 9.30 p.m. Third Friday
30. Fasting Prayer : 9:30 a.m. Second Saturday
31. Holy Communion : Second Sunday Services
32. Youth / Kid Prayer : 10.00 p.m. daily (over phone)
33. Staff Devotion : 9.00 a.m. daily
34. Office : 9.00 a.m. to 9.00 p.m. (except Sundays)

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

**നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല; ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി എഴുന്നേല്ക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും (യെശയ്യാവ് 54:17)**

ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായി ഞങ്ങൾ ഒരു പുതിയ ശുശ്രൂഷ ആരംഭിക്കുമ്പോൾ മിക്കപ്പോഴും ഞങ്ങൾക്ക് വിവിധ തരത്തിലുള്ള എതിർപ്പുകളും ബുദ്ധിമുട്ടുകളും നേരിടേണ്ടിവന്നു. ചിലപ്പോൾ പ്രശ്നങ്ങൾ പിശാചിൽനിന്നും മറ്റു ചിലപ്പോൾ ജനങ്ങളിൽനിന്നും നേരിടേണ്ടിവന്നു. ഏകനായ വ്യക്തി എന്ന നിലയിൽ നിരവധി തവണ എനിക്കു ബുദ്ധിമുട്ടുകളും എതിർപ്പുകളും നേരിടേണ്ടിവന്നു.

ഞങ്ങളുടെ പ്രധാന മിഷൻ കെട്ടിടം പണിയുന്ന സമയം ഞങ്ങളുടെ സമീപവാസികളെല്ലാം അസന്തുഷ്ടരായിരുന്നു. നിർമ്മാണം പുരോഗമിക്കുന്തോറും അവർ എനിക്കു പ്രശ്നങ്ങൾ നൽകിക്കൊണ്ടിരുന്നു. ചില വ്യക്തികളുടെ പീഡനത്തിനാൽ തൊഴിലാളികളെല്ലാം അസ്വസ്ഥരായിരുന്നു. ചിലർ ജോലി ഉപേക്ഷിച്ചു പോകുകയും ചെയ്തതോടുകൂടി പണികൾ മുന്നോട്ടു കൊണ്ടുപോകുവാൻ വലിയ ബുദ്ധിമുട്ടായിത്തീർന്നു. ക്രിസ്ത്യാനിയായിരുന്ന കെട്ടിടത്തി ന്റെ കരാറുകാരനും ഈ എതിർപ്പുകളും ബുദ്ധിമുട്ടുകളും കാരണം പണി ഉപേക്ഷിച്ച് തൊഴിലാളികളുമായ പോയിക്കളഞ്ഞു.

കർത്താവിന്റെ പ്രവൃത്തികൾക്ക് എതിരായിരുന്ന ചിലർ എന്നെ സമീപിച്ച് ആ പ്രത്യേക സ്ഥലത്ത് കർത്താവിന്റെ പ്രവൃത്തികൾ മതിയാക്കുവാനും ക്രിസ്ത്യാനികളുള്ള മറ്റൊരു സ്ഥലത്തേക്ക് മാറാനും അതിനായി എത്ര പണം വേണമെങ്കിലും അവർ തരാമെന്നും വളരെ സൗമ്യമായി അവർ എന്നോടു ആവശ്യപ്പെട്ടു. ദൈവത്തിന്റെ വിളിയിൽ ഞാൻ വളരെ ശാഠ്യമുള്ളവനായിരുന്നതിനാൽ അവരുടെ ആവശ്യം എനിക്ക് അംഗീകരിക്കുവാൻ കഴിയുകയില്ല എന്നും, ഇത് ജീവനുള്ള ദൈവത്തിന്റെ പ്രവൃത്തിയാണെന്ന് വിശദീകരിച്ചുകൊണ്ട് അതിനെതിരെ നിലകൊള്ളരുതെന്നും വളരെ സൗമ്യമായി അവരോടു ഞാൻ അഭ്യർത്ഥിച്ചു.

പക്ഷെ അവർ എനിക്ക് ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ നൽകിക്കൊണ്ടിരുന്നു. ഈ പ്രയാസങ്ങളുടെ സമയത്ത് ഞാൻ പല ക്രിസ്തീയ നേതാക്കളെയും അഭിഭാഷകരെയും എന്റെ സഹായത്തിനായി സമീപിച്ചു എങ്കിലും നിർഭാഗ്യവശാൽ ആരും എന്നെ സഹായിക്കുവാനുള്ള സന്നദ്ധത കാണിച്ചില്ല. പക്ഷെ ഞാൻ പ്രാർത്ഥനയിൽ വളരെയധികം സമയം ചെലവഴിച്ച് എന്നോടൊപ്പം ഉണ്ടായിരിക്കുവാനായി കർത്താവിനോടു അഭ്യർത്ഥിച്ചു. വിശ്വാസത്താൽ മുന്നോട്ടു പോകുന്നതിൽ ഞാൻ സമാധാനം കണ്ടെത്തി.

ഉദാഹരണമായി, ഒരു ദിവസം തറയുടെ കോൺക്രീറ്റു പണികൾ റെഡി മിക്സ് വാഹനങ്ങളുടെ സഹായത്തോടെ ആരംഭിച്ചപ്പോൾ ചില സമീപവാസികൾ എനിക്കെതിരെ ആക്രോശിക്കുകയും പണി തടസ്സപ്പെടുത്തുകയും ചെയ്തു. എന്തു ചെയ്യണമെന്ന് എനിക്ക് അറിവില്ലാത്തതിനാൽ ഞാൻ ആ വാഹനങ്ങൾ തിരികെ അതിന്റെ കമ്പനിയിലേക്ക് മടക്കി അയക്കുകയും അതിന്റെ പണം മുഴുവനും നൽകുകയും ചെയ്തു. എന്നാൽ കുറച്ചു ദിവസങ്ങൾക്കുശേഷം പണികൾ മുഴുവനായി പൂർത്തിയാക്കുവാൻ കർത്താവ് സഹായിച്ചു.

ഒടുവിൽ, മുഴുവൻ ജോലിയും പൂർത്തിയായശേഷം കെട്ടിടത്തിന്റെ സമർപ്പണ ശുശ്രൂഷയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ച് ഞാൻ എന്റെ സുഹൃത്തുക്കൾക്കും അഭ്യുദയകാംക്ഷികൾക്കും ക്ഷണക്കത്തുകൾ അയയ്ക്കാൻ തുടങ്ങി. അപ്പോഴേക്കും എന്നെയും കർത്താവിന്റെ വേലയെയും എതിർത്തിരുന്ന എല്ലാവരും അപ്രത്യക്ഷരായിരുന്നു. കുടുംബപ്രശ്നങ്ങൾ കാരണം അവരിൽ ചിലർക്ക് നാടുവിടേണ്ടിവന്നു; ചിലർ സ്വത്തെല്ലാം വിറ്റ് അവിടെനിന്നും പോയി. കർത്താവിന്റെ വേലയെ എതിർത്തവരുടെ ജീവിതത്തിൽ അനേകം വേദനാജനകമായ സംഭവങ്ങൾ ഉണ്ടായി. സമർപ്പണ ശുശ്രൂഷയിൽ പങ്കെടുക്കാനായി ഇവരെയൊക്കെ ക്ഷണിക്കാൻ പോയപ്പോൾ ഇവരോ ഇവരുടെ കുടുംബങ്ങളോ എവിടെയാണെന്നുപോലും അറിയാൻ കഴിഞ്ഞില്ല എന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. ചില കെട്ടിടങ്ങൾ ഇപ്പോഴും പൂട്ടിക്കിടക്കുകയാണ്. അവിടെ ആരും താമസിക്കുന്നതുപോലുമില്ല. ചില കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞു.

ഇപ്പോൾ കർത്താവിന്റെ വേലയെ എതിർക്കുവാനായി ആരുമില്ല. ആ പ്രദേശത്തെ ഏറ്റവും തിരക്കേറിയതാണ് ഞങ്ങളുടെ സ്ഥലം. ജനങ്ങൾ കർത്താവിനെ സ്വാതന്ത്ര്യത്തോടുകൂടി ആരാധിക്കുന്നു. ദൈവരാജ്യത്തിന്റെ വികസനത്തിനായി അനേകം പ്രവർത്തനങ്ങൾ രാവും പകലും നടക്കുന്നുണ്ട്. വേദപുസ്തകം ഇങ്ങനെ പറയുന്നു:

**നിന്നോടു എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോൽക്കുമാറാക്കും; അവർ ഒരു വഴിയായി നിന്റെ നേരെ വരും; ഏഴു വഴിയായി നിന്റെ മുമ്പിൽ നിന്നു ഓടിപ്പോകും** (ആവർത്തനം 28:7). **നിന്നോടു പോരാടുന്നവരെ നീ അന്വേഷിക്കും; കാണുകയില്ലതാനും; നിന്നോടു യുദ്ധം ചെയ്യുന്നവർ നാസ്തിത്വവും ഇല്ലായ്മയുംപോലെ ആകും** (യെശയ്യാവ് 41:12).

പ്രീയ സുഹൃത്തേ, നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടും ജീവിതത്തിൽ വലിയ ദുരന്തങ്ങളും അസ്വസ്ഥതകളും നിങ്ങൾ നേരിടുന്നുണ്ടോ? ക്ഷമയോടെ ദൈവത്തിന്റെ മുഖത്തേക്കു നോക്കുവിൻ. നിങ്ങളുടെ ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ടാലും, ഭാവി ഇപ്പോഴും അവശേഷിക്കുന്നു.

*6-ാം പേജിന്റെ തുടർച്ച...*


കണ്ടെത്താം. അപ്പോൾ മാത്രമേ നമുക്ക് ലക്ഷ്യബോധത്തോടെ ഓടാനും ഓട്ടം വിജയകരമായി പൂർത്തിയാക്കാനും കഴിയൂ.

2 ശമൂവേൽ 18ൽ കൗതുകകരമായ ഒരു സംഭവം കാണാം. ദാവീദ് രാജാവ് തന്റെ മകനായ അബ്ശലോമിനെതിരെ യോവാബിന്റെ നേതൃത്വത്തിൽ യുദ്ധം ചെയ്യുകയായിരുന്നു. യുദ്ധത്തിൽ അബ്ശലോമിന് കുഴപ്പം ഒന്നും ഉണ്ടാക്കരുതെന്ന് ദാവീദ് കല്പിച്ചിരുന്നു. യുദ്ധത്തിൽ യോവാബ് വിജയിച്ചു എങ്കിലും അബ്ശലോം കൊല്ലപ്പെട്ടു. ഈ ദാരുണമായ വാർത്ത ദാവീദിനെ അറിയിക്കുക എന്നത് അത്യന്തം സംവേദനക്ഷമത ആവശ്യമുള്ള ദൗത്യമായിരുന്നു.

രണ്ട് ഓട്ടക്കാർ ഈ വിവരം ദാവീദിനെ അറിയിക്കാനായി സ്വയം മുന്നോട്ടുവന്നു. ആ ദിവസം സന്ദേശം കൈമാറരുതെന്ന് യോവാബ് അഹീമാസിനോടു നിർദ്ദേശിച്ചതിനൊപ്പം മറ്റൊരു ദിവസം ഓടാമെന്നും നിർദ്ദേശിച്ചു. പകരം, താൻ സാക്ഷ്യം വഹിച്ച കാര്യങ്ങൾ ദാവീദിനോടു വിവരിക്കാൻ യോവാബ് ഒരു കൂശ്യനെ നിയോഗിച്ചു. കൂശ്യൻ ഓടാൻ തുടങ്ങിയെങ്കിലും യോവാബിനെ നിർബന്ധിപ്പിച്ച് അഹീമാസും കൂടെ ഓടുവാൻ തുടങ്ങി. അഹീമാസ് നല്ലൊരു ഓട്ടക്കാരനായതിനാൽ കൂശ്യൻ എത്തുന്നതിനു മുമ്പെ അവൻ എത്തി.

വലിയ പ്രതീക്ഷയോടെ കാത്തിരുന്ന ദാവീദ് യുദ്ധത്തിന്റെ ഫലത്തെക്കുറിച്ച് ആകാംക്ഷയോടെ അഹീമാസിനോടു ചോദിച്ചു. വേഗത്തിൽ ഓടിയെത്താൻ സാധിച്ചു എങ്കിലും എനിക്ക് മുഴുവൻ കാരങ്ങളും അറിയില്ല എന്ന് അവൻ പറഞ്ഞു. ...**വലിയൊരു കലഹം കണ്ടു; എന്നാൽ അതു എന്തെന്ന് ഞാൻ അറിഞ്ഞില്ല** (2ശമൂവേൽ 18:29). വലിയ അർപ്പണബോധത്തോടും സ്ഥിരോത്സാഹത്തോടും കൂടി അശ്രാന്തമായി ഓടിയെങ്കിലും അദ്ദേഹത്തിനു നൽകാൻ അർത്ഥവത്തായ ഒരു സന്ദേശവും ഉണ്ടായിരുന്നില്ല.

ഇതിനു വിപരീദമായി, കൂശ്യൻ ഓടിയത് മന്ദഗതിയിലാണെങ്കിലും ഒരു സന്ദേശവാഹ



***അബ്ശലോമിന്റെ മരണത്തെക്കുറിച്ച് കൂശ്യൻ നയപരമായി ദാവീദിനെ അറിയിച്ചു.***

കൻ എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്തം നിറവേറ്റി. അവൻ വ്യക്തതയോടും സംവേദനക്ഷമതയോടുംകൂടി സന്ദേശം അറിയിച്ചു. ദാവീദിന്റെ ചോദ്യത്തിനു മറുപടിയായി കൂശ്യൻ പറഞ്ഞു: **യജമാനനായ രാജാവിന്റെ ശത്രുക്കളും നിന്നോടു ദോഷം ചെയ്‌വാൻ എഴുന്നേല്ക്കുന്ന എല്ലാവരും ആ കുമാരനെപ്പോലെ ആകട്ടെ** (2 ശമൂവേൽ 18:32). അബ്ശലോമിന്റെ മരണത്തെക്കുറിച്ച് നേരിട്ടു പറയാതെ കൂശ്യൻ തന്ത്രപൂർവ്വം കാര്യങ്ങൾ ദാവീദിനോട് അവതരിപ്പിച്ചു.

അഹീമാസും കൂശ്യനും തമ്മിലുള്ള താരതമ്യം ശ്രദ്ധേയമാണ്. അഹീമാസ് ഒരു മികച്ച ഓട്ടക്കാരനായിരുന്നു എങ്കിലം ഒരു മോശം സന്ദേശവാഹകനായിരുന്നു. കാരണം, അവനു നൽകുവാനായി ഒരു സന്ദേശം ഉണ്ടായിരുന്നില്ല. അത് ഒരു നിർണ്ണായകമായ കാര്യമാണ്. എത്ര വാക്ചാതുര്യത്തോടെ അവതരിപ്പിച്ചാലും ശരിയായ സന്ദേശം നൽകുക എന്നതാണ് ഒരു സന്ദേശവാഹകന്റെ ആദ്യ ഉത്തരവാദിത്തം.

ഈ ഭാഗത്തെക്കുറിച്ചുള്ള ഗുണപാഠം ശ്രദ്ധിക്കുക: അഹീമാസിനെപ്പോലെ ഓടരുത്.

എന്റെ പ്രീയ സഹോദരീ സഹോദരന്മാരേ, ഈ വർഷം ആരംഭിക്കുമ്പോൾ, നമുക്കു വേഗതയോടും പരിശ്രമത്തോടും മാത്രമല്ല, ഉദ്ദേശ്യത്തോടും വ്യക്തതയോടുംകൂടി ഓടാം. നമുക്കു വിജയിക്കുവാനായി ഓടാം.

*************


## IMMEDIATE REQUIREMENT

**ECHO OF HIS CALL is expanding at a fast pace. We need mission minded, dedicated and faithful men and women candidates for the following positions:**

- Full time Assistant Pastors for our Main Church
- Full time Assistant Pastors for our Branch Churches in Chennai
- Full time security personnel
- DTP Operators and Typists
- Candidates with proficiency in speaking and writing English and other languages
- Managers and Co-ordinateors interested in School & Office Administration
- Full time Bible College Lecturers
- Volunteers who can promote our ministry in cities & villages
- Hon. Co-ordinators to serve in Editorial Board of **Echo of His Call**
- Full time Drivers
- Principal and Teachers for Matriculation School
- Full time female cooks
- Full time housekeeping employees

**Salary based on qualification and experience.**

Please Contact **ECHO OF HIS CALL** office
**Apply at Whatsapp No : 98412 71858**
**Email : sam@echoofhiscall.org**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
**Please subscribe**

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks. - Editor

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th FEBRUARY 2025.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**